# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1281** **12.06.2014-ൽ മറുപടിക്ക്**

## കൊല്ലം - തേനി പാതയുടെ വികസനം

| ചോദ്യം<br>ശ്രീ. പി. കെ. ഗുരുദാസൻ | | മറുപടി<br>ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | കൊല്ലം - തേനി പാതയുടെ അലൈൻമെന്റിന് അംഗീകാരം കിട്ടിയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ ; | (എ) | കൊല്ലം - തേനി ദേശീയപാതയുടെ അലൈൻമെന്റിന് അംഗീകാരം കിട്ടിയതിൻ പ്രകാരം കൊല്ലം - അഞ്ചാലുംമൂട്, കുണ്ടറ – ഭരണിക്കാവ് വഴി ചെങ്ങന്നൂർ വരെയുള്ള ഭാഗം നാഷണൽ ഹൈവേ വിഭാഗം ഏറ്റെടുത്തു. ഇതിൽ കടപ്പുഴ മുതൽ കൊല്ലകടവ് വരെയുള്ള ഭാഗം ഉപരിതലം പുതുക്കുന്നതിന് കഴിഞ്ഞ വർഷം കേന്ദ്ര മന്ത്രാലയം 2226.94 ലക്ഷം രൂപ അനുവദിച്ചു. അതിൻ പ്രകാരം ടെൻഡർ നടപടികൾ നടന്നു വരുന്നു. കടപ്പുഴ മുതൽ കൊല്ലം വരെയുള്ള ഭാഗത്ത് ഉപരിതലം പുതുക്കുന്നതിനായി 2014-15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നതിനായി കേന്ദ്ര മന്ത്രാലയത്തിലേക്ക് എസ്റ്റിമേറ്റ് അയയ്ക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പാത വികസനത്തിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് തുക എത്രയെന്നറിയിക്കാമോ ; | (ബി) & (സി) | കൊല്ലം - തേനി ദേശീയപാതയുടെ വികസനത്തിന് വിശദമായ പദ്ധതിരേഖ (ഡി.പി.ആർ) തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിരേഖ തയ്യാറായാൽ മാത്രമേ എസ്റ്റിമേറ്റ് തുക അറിയാൻ കഴിയൂ. |
| (സി) | പ്രസ്തുത എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അനുവദിച്ച തുക എത്രയെന്നും ഇല്ലെങ്കിൽ തുക അനുവദിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും അറിയിക്കാമോ; | | |

| | | | |
|---|---|---|---|
| (ഡി) | കൊല്ലം - അഞ്ചാലുംമൂട് - കുണ്ടറ വഴിയുള്ള റോഡ് നാഷണൽ ഹൈവേ (കൊല്ലം - തേനി) ഏറ്റെടുത്തതിനു ശേഷം പ്രസ്തുത റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (ഡി) | കൊല്ലം മുതൽ കടപ്പുഴ വരെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി അനുവദിച്ച 4.75 ലക്ഷം രൂപയും, കടപ്പുഴ മുതൽ കൊല്ലകടവ് വരെ ഉപരിതലം പുതുക്കുന്നതിനായി 2226.94 ലക്ഷം രൂപയും വിനിയോഗിച്ച് പണികൾ നടത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |

Salitha

സെക്ഷൻ ഓഫീസർ